# കാലിക്കറ്റ് സർവകലാശാല

## ആഭ്യന്തര കണക്കുപരിശോധനാ വിഭാഗം (ധനകാര്യ വകുപ്പ് )

### കണക്കുപരിശോധനാ റിപ്പോർട് - 2018 ,CCSIT പുതുക്കാട്

27312/FIN-INT.AUDIT-2/2018/Fin 06.09.2018

ആഭ്യന്തര കണക്കുപരിശോധനാ വിഭാഗ സംഘം, CCSIT പുതുക്കാട് സെന്ററിൽ, 02.8.02018, 03.08.2018എന്നീ തീയതികളിൽനടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു:-

ഓഡിറ്റ് വിങ് ടീം :-

സെക്ഷൻ ഓഫീസർ : **രജനീദേവി .പി.കെ.**

അസ്സിസ്റ്റന്റ്സ് : **സത്യനേശൻ. സി**

: **മനോജ്കുമാർ. ടി**

സെന്ററിന്റെ തലവൻ : **വാണി.കെ**

ഭരണ നിർവഹണ ഓഫീസർ :**വാസന്തി**

സ്ഥാപനത്തിൽ MCA കോഴ്സ് 6 സെമസ്റ്റർ ആയാണ് നടത്തുന്നത്. 2015-2018ൽ, 14വിദ്യാർത്ഥികളും, 2016-2019ൽ 6 വിദ്യാർത്ഥികളും 2017 -2019 ൽ 9 വിദ്യാർത്ഥികളും ആണ് പ്രവേശനം നേടിയിട്ടുള്ളത്.

**<u>ബാങ്ക് സ്റ്റേറ്റ്മെന്റ്</u> :** സ്ഥാപനത്തിലെ ദിവസേനയുള്ള ബാങ്ക് ഇടപാടുകൾ SBI പുതുക്കാട് ശാഖയിൽ SB A/C No. 67005606848 എന്ന അക്കൗണ്ടിൽ കൂടിയാണ് നടത്തുന്നത്. 23.7.2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും ക്ലോസിങ് ബാലൻസ് Rs.38958 ആണ് .

**ക്യാഷ്ബുക്ക് :** സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ ഫീസ് അടച്ചതിന്റെ വിവരങ്ങൾ ഒന്നും ചേർക്കുന്നില്ല.ക്യാഷ് ബുക്കിൽ ഒപ്പ് വക്കുന്നത് കോ-ഓർഡിനേറ്റർ അല്ല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണ്. 23.7.2018ലെ ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് 34958/-രൂപയാണ്. ക്യാഷ് ബുക്കും ബാങ്ക് ബാലൻസും തമ്മിൽ 4000 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. ഇത് ഐക്യപ്പെടുത്തേണ്ടതാണ്.

**<u>ധനവിനിയോഗ രജിസ്റ്റർ</u> :** സ്ഥാപനത്തിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിൽ ലഭിക്കുന്ന ഫണ്ടുകൾ, അവയുടെ വിനിയോഗം, മറ്റു ചിലവുകൾ ഇവയുടെ വിവരങ്ങൾ ധനവിനിയോഗ രെജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**<u>അഡ്മിഷൻ രജിസ്റ്റർ :</u>** സ്ഥാപനത്തിൽ പ്രേവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെയും ഫീസിന്റെയും എല്ലാം വിവരങ്ങളും അഡ്മിഷൻ രെജിസ്റ്ററിൽ രേഖപെടുത്തിയിട്ടുണ്ട്. മറ്റു അപാകതകൾ ഒന്നും കണ്ടില്ല.

**<u>ഇ-ഗ്രാന്റ്സ് രജിസ്റ്റർ</u> :** സ്ഥാപനത്തിലെ ഇ-ഗ്രന്റ്സിന്റെ ഇടപാടുകൾ പുതുക്കാട് ശാഖയിലെ കറന്റ്അക്കൗണ്ട് No.30846980812 വഴിയാണ് നടത്തുന്നത്. 2017-2018 വർഷത്തിൽ ഇ-ഗ്രാന്റ്സ് ആയി ലഭിച്ച താഴെ പറയുന്ന തുകകൾ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

07.09.2017- Rs.126510/-

24.03.2018- Rs.52420/-

24.03.2018- Rs.127260/-

<u>ഫീ ഫണ്ട് രജിസ്റ്റർ</u>: സ്ഥാപനത്തിലെ ഫീ ഫണ്ട് രജിസ്റ്റർ നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട് .ഫീസിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

അഡ്മിഷൻ ഫീസ് - 10,000/-

കോഷൻ ഡെപ്പോസിറ്റ് -1000/-

സ്പെഷ്യൽ ഫീസ്- 1145/-

സ്പോർട്സ് അഫിലിയേഷൻ ഫീസ്- 265

യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് -80

ട്യൂഷൻ ഫീസ്- 20,000/-

<u>PTA ഫണ്ട്</u> : സ്ഥാപനത്തിൽ ഇതുവരെ PTA വിളിച്ചുകൂട്ടുകയോ ഫണ്ട് രൂപീകരിക്കുകയോ ചെയ്തിട്ടില്ല. അടിയന്തിരമായി PTA വിളിച്ചുകൂട്ടേണ്ടതാണ് .

**പൊതുവായ കാര്യങ്ങൾ :**

a)സ്ഥാപനത്തിൽ DDFS ആയിട്ടല്ല ഫയലുകൾ കൈകാര്യം ചെയ്യുന്നത്. എത്രയും പെട്ടെന്ന് ഇതിനു വേണ്ട നടപടികൾ ചെയ്യേണ്ടതാണ്.

b)ഇവിടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഓരോ വർഷം തോറും കുറവായിട്ടാണ് കാണുന്നത്. സമീപത്തു തന്നെ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റിയുടെ മറ്റൊരു സ്ഥാപനത്തിൽ( CCSIT THRISSUR)പ്രവേശനം നേടാനാണ് കുട്ടികൾക്ക് താല്പര്യം. ഈ സ്ഥാപനത്തിന്റെ അപര്യാത്ത്ത ചൂണ്ടിക്കാട്ടി വിദ്യാർഥികൾ ഇവിടെ പ്രവേശനം നേടാൻ വിമുഖത കാണിക്കുന്നുണ്ട്. അതുകൊണ്ടു അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതാണ്

c)ലൈബ്രറിയിലെ അക്സെഷൻ രെജിസ്റ്ററിൽ 1438 ബുക്ക്സ് സ്റ്റോക്സ് ഉള്ളതായിട്ടാണ് കാണുന്നത്. അതിൽ 3 ബുക്കുകൾ നഷ്ടപ്പെട്ടിട്ടുണ്ട്.

d)സ്ഥാപനത്തിൽ കമ്പ്യൂട്ടർ ലാബ് , സ്റ്റാഫ് റൂം, ഓഫീസ് റൂം എല്ലാം ഒരേ സ്ഥലത്തു തന്നെയാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

ഇവ കൂടാതെ സാമ്പത്തിക ഭദ്രത കുറഞ്ഞ സ്ഥാപനങ്ങളുടെ നിലനില്പിനെ സംബന്ധിച്ച പഠിക്കാൻ സിണ്ടിക്കേറ്റ് മെംബേർസ് ഉൾപ്പെട്ട ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു. (u.o.No.790/2018/Admn. dtd.17.1.2018). സമിതിയുടെ കണ്ടെത്തലുകൾക്ക് അനുസൃതമായുണ്ടാകുന്ന ഉത്തരവുകൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Suresh K.K

Finance Officer